(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളാണ് ഇത്തരത്തിൽ മാറ്റിയിട്ടുള്ളത് ;

(സി) അവ നിർത്തലാക്കാനുള്ള കാരണം വിശദീകരിക്കാമോ ;

(ഡി) നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ മഞ്ചേരിയിൽ തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഒരു ഓഫീസ് സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) മഞ്ചേരി റവന്യൂ റിക്കവറി തഹസിൽദാരുടെ ഓഫീസ് 31-3-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 810/2003/ആർ. സി. പ്രകാരം എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി താലൂക്കിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്.

(സി) മഞ്ചേരി ആർ. ആർ. യൂണിറ്റിൽ ആർ. ആർ. കേസുകൾ കുറവായതിനാലും കൊച്ചിയിൽ കൂടുതൽ ആർ. ആർ. കേസുകൾ ഉള്ളതിനാലുമാണ് യൂണിറ്റിന്റെ പ്രവർത്തനം കൊച്ചിയിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

(ഡി) സാദ്ധ്യതയില്ല.

**കിഴക്കും ഭാഗം വില്ലേജിന്റെ പുനർനാമകരണം**

**17 (2775)** ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കാഞ്ഞൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'കിഴക്കും ഭാഗം' വില്ലേജിന്റെ പേര് 'കാഞ്ഞൂർ' വില്ലേജ് എന്നാക്കി മാറ്റുന്ന നടപടി പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുനഃനാമകരണം ചെയ്ത് എന്നത്തേക്ക് ഉത്തരവാകും എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വില്ലേജ് പുനഃനാമകരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കിഴക്കുംഭാഗം വില്ലേജിന്റെ പേര് "കാഞ്ഞൂർ" വില്ലേജ് എന്ന് പുനഃനാമകരണം ചെയ്യണമെന്നാവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**അങ്കമാലി താലൂക്ക് രൂപവത്ക്കരണം**

**18 (2776)** ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലുവ താലൂക്ക് വിഭജിച്ച് അങ്കമാലി താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

താലൂക്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ താലൂക്ക് വിഭജനകാര്യത്തിൽ ഇനി ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**നദികളുടെ തീരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിലുള്ള അഴിമതി**

**19 (2777)** ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ വൻ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി എടുക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ ക്രമക്കേടുണ്ടായതായി ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) ഇതിന്മേൽ വിശദമായ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആദിവാസികൾക്ക് കൈവശമുള്ള ഭൂമിയുടെ അവകാശരേഖ**

**20 (2778)** ശ്രീ. എം. കുമാരൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ കഴിയുന്ന ആദിവാസികൾക്ക് കൈവശഭൂമിയുടെ അവകാശരേഖ നൽകിത്തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എത്ര പേർക്ക് ഇതിനകം കൈവശരേഖ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനത്തിൽ കഴിയുന്ന ആദിവാസികൾക്ക് കൈവശഭൂമിയുടെ കൈവശരേഖ നൽകുന്നുണ്ട്.

(ബി) 10,443 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly